## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3661 30.01.2014-ൽ മറുപടിയ്ക്ക്

### <u>പോലീസ് വാഹനത്തിന്റെ മുകളിൽ കയറി ഇരുന്നുള്ള രാഷ്ട്രീയ ജാഥകൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് പോലീസ് അകമ്പടിയോടുകൂടി പോലീസ് വാഹനത്തിന്റെ മുകളിൽ കയറി ഇരുന്ന് രാഷ്ട്രീയ ജാഥകൾ നടത്താൻ സംസ്ഥാനത്തെ നിലവിലുള്ള നിയമങ്ങൾ ആർക്കെല്ലാമാണ് അനുമതി നൽകിയിട്ടുള്ളത്; വിശദമാക്കുമോ ; | (എ) ആർക്കും അനുമതി നല്കിയിട്ടില്ല. |
| ബി) അനുമതി നിയമപ്രകാരമല്ലെങ്കിൽ കോൺഗ്രസ് വൈസ് പ്രസിഡന്റ്, യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് എന്നിവർ പോലീസ് വാഹനത്തിന് മുകളിൽ കയറിയിരുന്ന് കായംകുളം - പുനലൂർ പാതയിൽ ചാരുംമൂട് മുതൽ അടൂർ വരെ യാത്ര ചെയ്യുവാൻ അകമ്പടി സേവിച്ച പോലീസ് ഉദ്യോഗസ്ഥർ ആരെല്ലാം എന്നും പോലീസ് വാഹനം ഏതാണെന്നും വ്യക്തമാക്കുമോ ; | (ബി) യുവകേരള യാത്രയോടനുബന്ധിച്ച് നടന്ന പരിപാടിയിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് വൈസ് പ്രസിഡന്റ് ശ്രീ രാഹുൽ ഗാന്ധി പങ്കെടുക്കുമെന്നതിനാൽ അകമ്പടിക്കായി ആലപ്പുഴ എ. ആർ. ക്യാമ്പിൽ നിന്നും ശ്രീ. ഐവാൻ രത്തിനം, എ. സി.യുടെ നേതൃത്വത്തിൽ കേരളാ പോലീസ് കമാൻഡോ വിംഗിൽ നിന്നും ശ്രീ. വി. ജി. അജിത്കുമാർ (എസ്.ഐ), ശ്രീ. ബൈജു എബ്രഹാം (ഹവിൽദാർ 4770), ശ്രീ. സുജേഷ് കുമാർ (സി.പി.ഒ. 4013) എന്നിവരെ എസ്.ബി.സി. ഐ.ഡി. സെക്യൂരിറ്റി വിഭാഗത്തിൽ നിന്നുമുള്ള പ്ലെയിൻ ക്ലോത്ത്സ് ഡ്യൂട്ടിയ്ക്കും സുരക്ഷാ നടപടികളുടെ ഭാഗമായി നിയോഗിച്ചിരുന്നു. ഇവർക്ക് പുറമേ ആലപ്പുഴ ജില്ലാ പോലീസ് നൽകിയ സുരക്ഷയും ഉണ്ടായിരുന്നു. എസ്. പി.ജി. വിഭാഗത്തിന്റേതായി സി.പി.റ്റി/ എസ്കോർട്ട് 1 ടീമിനായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിഗത സുരക്ഷയുടെ പ്രഥമ ഉത്തരവാദിത്തം. ഇതല്ലാതെ വ്യക്തിപരമായി അകമ്പടി സേവിക്കാനായി ഒരു പോലീസ് ഉദ്യോഗസ്ഥനെയും നിയമിച്ചിട്ടില്ല. അകമ്പടിക്കായി ഉപയോഗിച്ച പോലീസ് വാഹനം കെ.എൽ. 01. ബി.കെ. 5542 ബൊലേറോ ആണ്. |
| സി) ഇവരുടെ പ്രസ്തുത സവാരി പോലീസ് ആക്ട് 120 (ബി) പ്രകാരവും മോട്ടോർ വാഹന നിയമം 123 (2) പ്രകാരവും സംസ്ഥാന പൊതുമുതൽ നശീകരണം തടയൽ നിയമപ്രകാരവും നിയമലംഘനമാണ് എന്നത് സർക്കാരിന്റെയും പോലീസിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ; | (സി) മോട്ടോർ വാഹന നിയമത്തിൽ വാഹനത്തിന്റെ മുകളിൽ യാത്ര ചെയ്യുന്നത് ഒരു കുറ്റമായി വിവക്ഷിച്ചിരിക്കുന്നത് സാധാരണ പരിതസ്ഥിതികളിലാണ്. ഇതുമൂലം അങ്ങിനെ യാത്ര ചെയ്യുന്നവർക്ക് അപകടവും അതുപോലെ മറ്റു വാഹനങ്ങൾക്കും യാത്രികർക്കും അസൗകര്യവും അപകടവും ഉണ്ടാകാനുള്ള സാധ്യത ഉള്ളതുകൊണ്ടാണ് അപ്രകാരം ഒരു |

നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മനപൂർവ്വം യാത്ര ചെയ്യുക എന്ന കുറ്റകരമായ പ്രവൃത്തി ആയിരുന്നില്ല അവിടെ ഉണ്ടായത്. അതീവ സുരക്ഷയിൽ ഉണ്ടായിരുന്ന ശ്രീ. രാഹുൽ ഗാന്ധിയെ ജനക്കൂട്ടത്തിന്റെ ഇടയിൽ നിന്നും കൊണ്ടു പോകുന്നതിനുവേണ്ടി സമയോചിതമായി ചെയ്ത ഒരു നടപടി മാത്രമായിരുന്നു അത്. ഈ സംഭവത്തിൽ പൊതുമുതൽ നശീകരണമൊന്നും ഉണ്ടായിട്ടില്ല.

ഡി) ഇതേ രീതിയിലുള്ള പ്രചരണ ജാഥകൾക്ക് മറ്റ് യുവജന, രാഷ്ട്രീയ നേതാക്കൾക്കും അനുമതി നൽകുമോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സുരക്ഷാ വാഹനത്തിന്റെ മുകളിൽ കയറിയിരുന്ന് പ്രചരണജാഥ നടത്തുകയല്ല ചെയ്തത് മറിച്ച് അതീവ സുരക്ഷയിൽ ഉണ്ടായിരുന്ന ശ്രീ. രാഹുൽ ഗാന്ധിയെ ജനക്കൂട്ടത്തിന്റെ ഇടയിൽ നിന്നും സുരക്ഷിതമായി കൊണ്ടു പോകുന്നതിനു വേണ്ടി അദ്ദേഹത്തിന്റെ സുരക്ഷാ ജീവനക്കാർ സമയോചിതമായി ചെയ്ത ഒരു നടപടി മാത്രമായിരുന്നു അത്.

ഇ) ഇത് സംബന്ധിച്ച് പോലീസിന് ആരെല്ലാം പരാതികൾ നൽകി ; ഓരോ പരാതിയിൻമേലും ഏതു വകുപ്പുകൾ പ്രകാരം കേസ്സെടുത്തു എന്നും വ്യക്തമാക്കുമോ ;

(ഇ) നാല് പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതി നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം നിയമസഹായവേദിയുടെ പ്രസിഡന്റായ ശ്രീ. മുരുഗൻ, വെട്ടിയറ്റിലും, ഇതിന്റെ ചെയർമാന്മാരായ ശ്രീ. സ്റ്റീഫൻ റൊസാരിയോ, അഡ്വ. ചാവക്കാട് സി. ഐ. എഡിസൺ.
2. അഡ്വ. മുജീബ് റഹ്മാൻ, എൻ.വൈ.സി. സംസ്ഥാന ജനറൽ സെക്രട്ടറി.
3. ശ്രീ. സന്ദീപ് ജി. വാര്യർ, ബി.ജെ.പി. നാഷണൽ എക്സിക്യൂട്ടീവ് മെമ്പർ പാലക്കാട്.
4. ശ്രീ. ദിലീപ് മുഹസ്സിൻ, ഡി.വൈ.എഫ്.ഐ. പാലമേൽ വടക്ക് മേഖലാ സെക്രട്ടറി.

ടി പരാതികളിന്മേൽ കേസ് എടുത്തിട്ടില്ല. ആദ്യത്തെ രണ്ട് പരാതികൾ ബഹു. മാവേലിക്കര ജുഡീഷ്യൽ രണ്ടാം ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും അന്വേഷണത്തിന് നൂറനാട് സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് അയച്ചിട്ടുള്ളതുമാണ്. നൂറനാട് പോലീസ് സ്റ്റേഷനിൽ ലഭിച്ച 3, 4 പരാതികൾ നർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി. യുടെ അന്വേഷണത്തിലാണ്.

എഫ്) ഇതു സംബന്ധിച്ച് കോടതികളിൽ എത്ര കേസ്സുകൾ നിലവിലുണ്ട് ; കേസ്സ് നൽകിയവർ ആരെല്ലാമെന്ന് അറിയാമോ ; കേസ്സിലെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ ;

(എഫ്) കോടതിയിൽ കേസുകൾ നിലവിലില്ല. മാവേലിക്കര ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതി 2 മുമ്പാകെ അഡ്വ. മുജീബ് റഹ്മാനും അഡ്വ. സ്റ്റീഫൻ റൊസാരിയോയും യഥാക്രമം 267/14, 268/14 എന്നീ നമ്പരുകളിൽ സി.എം.പി. ഫയൽ ചെയ്തിട്ടുണ്ട്.

| | |
|---|---|
| | ഇതിലേയ്ക്കായി കോടതി ആവശ്യപ്പെട്ട അന്വേഷണ റിപ്പോർട്ട് നൂറനാട് എസ്. എച്ച്. ഒ. സമർപ്പിക്കുന്നതാണ്. |
| ജി) ആഭ്യന്തര മന്ത്രിയുടെ അനുമതിയോടെയാണോ പ്രസ്തുത നിയമലംഘനം നടന്നത് ; വിശദമാക്കുമോ; | ജി) നിയമലംഘനം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| എച്ച്) പ്രസ്തുത ജാഥക്കെത്തിയ കേന്ദ്രമന്ത്രി ശ്രീ. കൊടിക്കുന്നിൽ സുരേഷിന് പരിപാടിയ്ക്കിടെ ജാഥാംഗങ്ങളുടെ ചവിട്ടേറ്റ് പരിക്കേറ്റത് ശ്രദ്ധയിൽപെട്ടുവോ ; | (എച്ച്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഐ) കേന്ദ്രമന്ത്രിയെ സ്വകാര്യ ചികിത്സാ കേന്ദ്രത്തിൽ എത്തിച്ച സർക്കാർ പോലീസ് ഉദ്യോഗസ്ഥർ ആരെല്ലാം ; വിശദാംശം വ്യക്തമാക്കുമോ ? | (ഐ) ബഹു. മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായ ശ്രീ. ഹരികുമാർ, എസ്.ബി. സി.ഐ.ഡി.യിൽ നിന്നും പി.എസ്.ഒ. ഡ്യൂട്ടിയ്ക്കായി നിയോഗിച്ചിട്ടുള്ള സി.പി.ഒ. റ്റി 5297 ശ്രീ. സജി. റ്റി എന്നിവരാണ് ബഹു. മന്ത്രിയെ ആശുപത്രിയിൽ എത്തിച്ചത്. കൂടാതെ സംഭവസ്ഥലം മുതൽ സ്വകാര്യ ആശുപത്രി വരെ അതാത് ജില്ലാ പോലീസ് മേധാവികൾ പൈലറ്റ് നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ